## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6668

12.07.2012- ൽ മറുപടിക്ക്

പ്രസാധനരംഗത്ത് കൈവരിച്ച നേട്ടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. എം. പി. വിൻസെന്റ് :<br>ശ്രീ. പി. എ. മാധവൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് പ്രസാധന രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി; | എ) സാഹിത്യ പ്രവർത്തക സഹകരണ സംഘം ഈ കാലയളവിൽ 330 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| ബി) സാഹിത്യപ്രവർത്തക സഹകരണ സംഘം എത്ര പുസ്തകങ്ങളാണ് ഈ കാലയളവിൽ പ്രകാശനം നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) സാഹിത്യ പ്രവർത്തക സഹകരണ സംഘം 126 പുസ്തകങ്ങളാണ് ഈ കാലയളവിൽ പ്രകാശനം നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചേർക്കുന്നു. |

1. ഈ സർക്കാരിന്റെ ആദ്യത്തെ 100 ദിവസത്തെ ഭരണനേട്ടങ്ങളുടെ ഭാഗമായി 50 പുസ്തകങ്ങൾ സംഘം ആസ്ഥാനത്ത് വച്ച് പ്രകാശനം ചെയ്തു.
2. കേസരിയുടെ 'സാഹിത്യ വിമർശനങ്ങൾ', തകഴിയുടെ 'തെരഞ്ഞെടുത്ത കഥകൾ', അഴിക്കോടിന്റെ 'വീണ്ടുവിചാരങ്ങൾ', വിഷ്ണു നാരായണൻ നമ്പൂതിരിയുടെ 'ഇന്ത്യ എന്ന വികാരം' തുടങ്ങി 10 പുസ്തകങ്ങൾ തിരുവനന്തപുരം പ്രസ് ക്ലബിൽ വച്ച് പ്രകാശിപ്പിച്ചു.
3. ഇടപ്പള്ളിയിലുള്ള ചങ്ങമ്പുഴ പാർക്കിൽ വച്ച് എം.കെ. സാനുവിന്റെ 'അവധാരണം', ആർ.വി.ജി. മേനോന്റെ 'വിദ്യാഭ്യാസ ചിന്തകൾ' തുടങ്ങി 10 പുസ്തകങ്ങൾ പ്രകാശിപ്പിച്ചു.
4. കൊട്ടാരക്കര വച്ച് ലളിതാംബിക അന്തർജ്ജനത്തിന്റെ 3 ഗ്രന്ഥങ്ങൾ പ്രകാശനം ചെയ്തു.
5. ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (കുസാറ്റ്)യിൽ വച്ച് 'തലച്ചോറിനെ അറിയുക', വിശക്കുന്ന ലോകവും വിശക്കാത്ത മനുഷ്യരും എന്നിങ്ങനെ 8 പുസ്തകങ്ങൾ പ്രകാശനം ചെയ്തു.
6. 'ഭാരത കേസരി മന്നത്തു പദ്മനാഭൻ' - ഡോ. അനിൽ കുമാർ വടവാതൂർ രചിച്ചത് പ്രകാശനം ചെയ്തു.
7. ശ്രീ. പി.ജി. രാമകൃഷ്ണൻ നായർ രചിച്ച 'പുലർച്ചയ്ക്ക് മുമ്പേ ഉണർന്നവർ' എന്ന പുസ്തകം പന്തളത്ത് വച്ച് പ്രകാശനം ചെയ്തു.

8. സ്ഥാപനത്തിന്റെ ആസ്ഥാന മന്ദിരത്ത് വച്ച് 'കാരൂരിന്റെ മീൻകാരിയും', 'കഥ കാരൂർ' എന്നിവയുടെ പുതിയ പതിപ്പും പ്രകാശനം ചെയ്തു.

9. അക്കാമ്മ ചെറിയാന്റെ ജീവിതം ഒരു സമരം എന്ന ആത്മകഥ തിരുവനന്തപുരത്ത് വച്ച് പ്രകാശനം ചെയ്തു.

10. ശ്രീമതി. എസ്. ഹരിപ്രിയ രചിച്ച 'പരിസ്ഥിതി പരിചയ നിഘണ്ടു' പ്രകാശനം ചെയ്തു.

11. വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള 'അറിവുഞ്ഞാൽ' പുസ്തക പരമ്പരയിലെ ആദ്യ 10 പുസ്തകങ്ങൾ പ്രകാശനം ചെയ്തു.

12. 'ലൈഫ് ഇൻഷുറൻസ് വിൽപനയുടെ വിജയ രഹസ്യങ്ങൾ' എന്ന പുസ്തകം പ്രകാശനം ചെയ്തു.

13. ശ്രീമതി. സുഗത കുമാരി ടീച്ചർ തിരുവനന്തപുരത്ത് 12 കവിതാ സമാഹാരങ്ങളുടെ പ്രകാശനം നിർവ്വഹിച്ചു.

14. 'പതിറ്റാണ്ടിന്റെ കവിത' (കവിത സമാഹാരം), സുജ സൂസൻ ജോർജ്ജിന്റെ 'എന്റെ പേര്' എന്നീ പുസ്തകങ്ങൾ സംഘം ആസ്ഥാന മന്ദിരത്ത് വച്ച് പ്രകാശനം ചെയ്തു.

15. 'ജൈനമതം കേരളത്തിൽ' - ശ്രീ. എം.ആർ. രാഘവ വാര്യർ രചിച്ച ഗ്രന്ഥം കൽപ്പറ്റയിൽ വച്ച് പ്രകാശനം ചെയ്തു.

16. 'ശരീരം ധർമ്മസാധനം ചികിത്സാനുഭവങ്ങളും' മറ്റും കോട്ടയ്ക്കൽ പി.എസ്. വാര്യർ രചിച്ച പുസ്തകം കോട്ടയ്ക്കൽ വച്ച് പ്രകാശനം ~~നിർവ്വഹിച്ചു~~ ചെയ്തു.

17. 'ആദി ഭാരതം ചില മുൻ വിധികൾ' എന്ന പുസ്തകം പ്രകാശനം ചെയ്തു.

സി) സംഘം എത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി; വിശദമാക്കുമോ ?

സി) സംഘം ആകെ 14,565 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 330 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നാടകം - 2, കഥ - 17, നോവൽ - 68, കവിത - 45, ആത്മകഥ - 8, നിരൂപണം, ഉപന്യാസം, പഠനം - 66, റഫറൻസ് ഗ്രന്ഥങ്ങൾ - 46, നിഘണ്ടു - 6, ബാലസാഹിത്യം - 24, യാത്രാവിവരണം - 8, ആദ്ധ്യാത്മികം - 17, വ്യാകരണം, ഭാഷാ ശാസ്ത്രം - 5, ഫലിതം - 1, സിനിമ - 2, ചരിത്രം - 7, സ്പോർട്സ് - 2, ഫോക്ക്ലോർ - 2, ജീവചരിത്രം - 3, പാചകം - 1 ഇനങ്ങളിലായിട്ടാണ് 330 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ